**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3510

14.03.2017 - ൽ മറുപടിയ്ക്ക്

# ആശ്രിത നിയമനം സ്ഥിരപ്പെടുത്തിയ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസ് സേനയിൽ ആശ്രിത നിയമനത്തിനായി എത്ര ശതമാനം ഒഴിവുകളാണ് മാറ്റി വച്ചിട്ടുള്ളത്;ഇപ്രകാരം എത്ര പേരെ നിയമിച്ചു; ഇവരുടെ നിയമനം എങ്ങനെയാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിൽ 5% ഉം, പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 10% ഉം ഒഴിവുകളാണ് ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളത്. 2016 മെയ് 1 മുതൽ 2017 ഫെബ്രുവരി 15 വരെ 31 പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരമാണ് ഇവർക്ക് നിയമനം നൽകിയിട്ടുള്ളത് |
| (ബി) സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന ആശ്രിത നിയമനക്കാരെ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥിരമായി നിയമനം നൽകി റെഗുലറൈസ് ചെയ്യുന്നത് ;<br>(സി) പോലീസ് സേനയിൽ ആശ്രിത നിയമനം ലഭിച്ചിട്ടുള്ളവരെ മാനദണ്ഡങ്ങൾ ലംഘിച്ച് സൂപ്പർ ന്യൂമററി തസ്തികയിൽ നിന്നും സ്ഥിരപ്പെടുത്തിയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; | (ബി) യും (സി) യും ആശ്രിത നിയമന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് 548 ക്ലാർക്കുമാരെ പോലീസ് വകുപ്പിൽ നിയമിച്ചതിൽ ഇതുവരെ 92 പേർക്ക് സ്ഥിരം ഒഴിവുകളിലേയ്ക്ക് റഗുലറൈസേഷൻ നൽകിയിട്ടുണ്ട്. ആശ്രിത നിയമനം അനുസരിച്ചുള്ള നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് ഇവരുടെ നിയമനം റെഗുലറൈസ് ചെയ്തിട്ടുള്ളത്. |

(ഡി) ആശ്രിത നിയമനം ലഭിച്ചവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥിരം നിയമനം നൽകുമ്പോൾ പി.എസ്.സി വഴി ജോലി ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ